(സി) പൊതുമേഖലാ/വാണിജ്യ ബാങ്കുകളെ അപേക്ഷിച്ച് നിയമാനുസൃത കരുതലുകൾ കഴിച്ച് സഹകരണ സ്ഥാപനങ്ങളുടെ മിച്ചധനം സംസ്ഥാനത്തിന്റെ വികസനത്തിനും സഹകാരികൾക്കും വായ്പയായി നൽകുകയാണ് ചെയ്യുന്നത്. മിച്ച ധനത്തിന്റെ ലഭ്യത അനുസരിച്ച് അതാത് സഹകരണ സ്ഥാപനങ്ങൾ വായ്പാ പദ്ധതി ആവിഷ്കരിക്കുകയും അതാത് സംഗതിയിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ/ നബാർഡ്/ സഹകരണ സംഘം രജിസ്ട്രാർ എന്നിവരുടെ മാർഗ്ഗ നിർദ്ദേശ പ്രകാരം വായ്പ നൽകുകയും ചെയ്യുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലാ സഹകരണ ബാങ്ക് കെ.എസ്.ആർ.ടി.സി.-ക്കും എറണാകുളം ജില്ലാ സഹകരണ ബാങ്ക് കൊച്ചി മെട്രോക്കും തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് 'കേപ്പിനും' വായ്പ അനുമതി നൽകിയിട്ടുണ്ട്. പൊതുവായ ഒരു വായ്പാ പദ്ധതി ആവിഷ്കരിക്കാതെ ഇത്തരത്തിലുള്ള പ്രത്യേക പദ്ധതികൾക്ക് സഹകരണ ബാങ്കുകളെ സമീപിക്കുന്ന സാഹചര്യത്തിൽ അതാത് ബാങ്കുകളുടെ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് സംസ്ഥാനത്തിന്റെ വികസനത്തിന് സഹകരണ സ്ഥാപനങ്ങളുടെ മിച്ചധനം വിനിയോഗിക്കുകയാണ് സഹകരണ മേഖല അനുവർത്തിച്ചുവരുന്നത്. ഇതിനുപുറമേ ഒരു പഞ്ചായത്തിൽ ഒന്ന് എന്ന കണക്കിൽ 1000 പുതിയ സ്റ്റാർട്ട് അപ് സംരംഭങ്ങൾക്ക് സഹകരണ ബാങ്കുകൾ ധന സഹായം നൽകുന്നതിന്റെ സാധ്യത പരിശോധിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്.

### സഹകരണ നിക്ഷേപ രംഗത്ത് പുതിയ പ്രവർത്തനങ്ങൾ

80 (4662) ശ്രീ. പാറക്കോട് രവി :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ നിക്ഷേപ രംഗത്തെ ഉണർവ്വിനായി പ്രത്യേക പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇതിനായി ആരെല്ലാമാണ് സഹകരിച്ചത്; വിശദമാക്കാമോ ;

(ഡി) ഇതുവഴി സഹകരണ മേഖലയ്ക്ക് എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

<u>ഉത്തരം</u>

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ നിക്ഷേപ രംഗത്തെ ഉണർവിനായി 4 നിക്ഷേപ സമാഹരണ യജ്ഞങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ സഹകരണ മേഖലയിലെ നിക്ഷേപങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിനായി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം 2012 ആവിഷ്കരിച്ചു. ഇതു നടപ്പാക്കുന്നതിനായി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് രൂപീകരിച്ചു.

(ബി) സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിന് മതിയായഫണ്ട് സമാഹരിക്കുക എന്നതാണ് നിക്ഷേപ സമാഹരണ യജ്ഞങ്ങളിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. 4 നിക്ഷേപ സമാഹരണ യജ്ഞങ്ങളിൽ മാത്രമായി ആകെ 18500 കോടി രൂപ സമാഹരിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു. സഹകരണ സംഘങ്ങളിൽ സമാഹരിക്കുന്ന നിക്ഷേപങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തി. സഹകരണ സംഘങ്ങൾ/ബാങ്കുകളിലെ നിക്ഷേപകരുടെ താൽപര്യം സംരക്ഷിക്കുന്നത് ലക്ഷ്യമിട്ട് നിക്ഷേപങ്ങൾക്ക് പരമാവധി ഒന്നര ലക്ഷം രൂപ വരെ ഗ്യാരന്റി നൽകുന്നതിനായി നിക്ഷേപ ഗ്യാരന്റി സ്കീം നടപ്പിലാക്കി. നിക്ഷേപങ്ങൾക്ക് ഗ്യാരന്റി നൽകുകവഴി നിക്ഷേപകർക്ക് സംഘങ്ങളിലുള്ള വിശ്വാസം വർദ്ധിപ്പിക്കുക, കൂടുതൽ നിക്ഷേപകരെ ആകർഷിക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിന്റെ പ്രവർത്തനത്തിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്.

(സി) സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീമിൽ 2250 സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തി സഹകരണ സംഘം രജിസ്ട്രാർ വിജ്ഞാപനം പുറപ്പെടുവിച്ചതിൽ നാളിതുവരെ 1773 സംഘങ്ങൾ സ്കീമുമായി സഹകരിച്ചിട്ടുണ്ട്. നിക്ഷേപ സമാഹരണ യജ്ഞങ്ങളിൽ ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരുന്നതുൾപ്പെടെ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽവരുന്ന നിക്ഷേപം സ്വീകരിക്കുന്ന എല്ലാ സഹകരണ സംഘങ്ങൾ/ബാങ്കുകളും സഹകരിച്ചിട്ടുണ്ട്.

(ഡി) നിക്ഷേപ സമാഹരണ യജ്ഞങ്ങളിലൂടെ മാത്രം 22,525.67 കോടി രൂപ സമാഹരിക്കുന്നതിന് സാധിച്ചിട്ടുണ്ട്. കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം 2012 കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് രൂപീകരണം എന്നിവയിലൂടെ സഹകരണ മേഖലയിലെ നിക്ഷേപകരുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനും കൂടുതൽ വിശ്വാസം ആർജ്ജിക്കുന്നതിനും ഈ മേഖലയിലേക്ക് കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനും നിക്ഷേപ സമാഹരണത്തിൽ സഹകരണ മേഖലയ്ക്ക് ഉണ്ടായ നേട്ടങ്ങൾ സ്ഥായിയായി നിലനിർത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly